No. CEE/2270/MDS/2012/TA IV

**കേരള സർക്കാർ**

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## എം ഡി എസ് ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ: 2012

1. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള സർക്കാർ ദന്തൽ കോളേജുകളിലേയ്ക്കും, സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുള്ള സ്വാശ്രയ ദന്തൽ കോളേജുകളിലേയ്ക്കും 2012 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   (i) നേറ്റിവിറ്റി: അപേക്ഷകൻ താഴെപ്പറയുന്നവയിൽ ഏതെങ്കിലും യോഗ്യത നേടിയിരിക്കണം.

   (a) കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

   (b) കേരളത്തിലെ ഏതെങ്കിലും ദന്തൽ കോളേജിൽ നിന്ന് ബി.ഡി.എസ് ബിരുദം നേടിയിരിക്കണം.

   (ii) **വിദ്യാഭ്യാസ യോഗ്യതകൾ:**

   കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ബി.ഡി.എസ്. ബിരുദം. 15-04-2012 നോ അതിനു മുൻപോ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഇവർ പ്രവേശനത്തിനു മുൻപ് കേരള ദന്തൽ കൗൺസിൽ രജിസ്ട്രേഷൻ നേടിയിരിക്കണം.

3. **വയസ്സ്:** അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 2012 ഏപ്രിൽ 30- ന് ജനറൽ വിഭാഗത്തിൽ 45 വയസ്സും, സർവ്വീസ് വിഭാഗത്തിൽ 47 വയസ്സും ആയിരിക്കും.

   **പ്രവേശന പരീക്ഷ:** സർവ്വീസ് വിഭാഗക്കാരുൾപ്പടെ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതി അതിൽ കുറഞ്ഞത് 50% മാർക്ക് നേടിയിരിക്കണം (എസ്.സി/ എസ്.റ്റി/എസ്.ഇ.ബി.സി. വിഭാഗക്കാർക്ക് 40% മാർക്ക് മതി).

   പ്രവേശന പരീക്ഷ 2012 **ഫെബ്രുവരി 19-ാം തീയതി (ഞായറാഴ്ച) തിരുവനന്തപുരത്ത്** വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് 200 ചോദ്യങ്ങളുള്ള 3 മണിക്കൂർ ദൈർഘ്യമുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.

4. **അപേക്ഷാ ഫോറവും, അപേക്ഷാ ഫീസും:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പടെയുള്ള എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **10-01-2012** മുതൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ജനറൽ വിഭാഗക്കാരും സർവ്വീസ് വിഭാഗക്കാരും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസും പ്രസ്തുത വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാ ഫോറവും, പ്രോസ്പെക്ടസും കോളേജുകളിലോ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ലഭ്യമാകുന്നതല്ല. അപേക്ഷാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത ശേഷം നിർദ്ദിഷ്ട സ്ഥാനത്ത് ഫോട്ടോ പതിച്ച് ഒപ്പ് ഇടേണ്ടതാണ്.

   സർവ്വീസ് വിഭാഗക്കാർക്ക് 1000/- രൂപയാണ് അപേക്ഷാ ഫീസ്. ജനറൽ ക്വാട്ടയിൽ അപേക്ഷിക്കുന്ന ജനറൽ വിഭാഗക്കാർക്ക് 1000/- രൂപയും, പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 500/- രൂപയുമാണ് അപേക്ഷാ ഫീസ്. ജനറൽ ക്വാട്ടയിലും കൂടി അപേക്ഷിക്കുന്ന

സർവ്വീസ് വിഭാഗക്കാർ രണ്ടു ഫീസും ഒടുക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെല്ലാൻ ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഏതെങ്കിലും ബ്രാഞ്ചിൽ അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്. കേരളത്തിന് പുറത്തുള്ള അപേക്ഷകർ നിർദ്ദിഷ്ട ഫീസ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ എടുത്തതും തിരുവനന്തപുരത്ത് മാറാവുന്നതുമായ ഡിമാന്റ് ഡ്രാഫ്റ്റായി അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

5. **അപേക്ഷ സമർപ്പിക്കേണ്ട വിധവും, അവസാന തീയതിയും**: സർവ്വീസ് വിഭാഗക്കാരുൾപ്പെടെ എല്ലാ അപേക്ഷകരും അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും, ബാങ്ക് ചെല്ലാൻ അഥവാ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നേരിട്ടോ, രജിസ്റ്റേർഡ് തപാൽ മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം – 695 001** എന്ന വിലാസത്തിൽ 2012 **ജനുവരി 21-ാം തീയതി (ശനിയാഴ്ച) വൈകുന്നേരം 5 മണിക്കു** മുൻപായി സമർപ്പിക്കേണ്ടതാണ്.

   സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ അപേക്ഷയുടെ പകർപ്പും ക്ലോസ് X (c) -ൽ പറഞ്ഞിരിക്കുന്ന രേഖകളുടെ പകർപ്പുകളും ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് (ഡി.എം.ഇ / ഡി.എച്ച്.എസ്/ ഡി.ഐ.എം.എസ്) 2012 **ജനുവരി 21-ാം തീയതി (ശനിയാഴ്ച) വൈകുന്നേരം 5 മണിക്കു** മുൻപായി സമർപ്പിക്കേണ്ടതാണ്.

6. വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്:** അപേക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **12-02-2012** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്

8. അപേക്ഷാ ഫോമിൽ നിശ്ചിത ഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാ ഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ജനറൽ വിഭാഗം പരീക്ഷാർത്ഥികളുടെ ലിസ്റ്റും, പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്ന സർവ്വീസ് വിഭാഗം അപേക്ഷകരുടെ ഒരു പ്രത്യേക ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണർ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

10. സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, പ്രവേശനം എന്നിവ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്. സർക്കാർ അംഗീകരിച്ചതും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2012 –ലെ എം.ഡി.എസ് പ്രോസ്പെക്ടസിലുള്ള വിശദാംശങ്ങൾ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
09/01/2012